"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ബ്രാൻഡ് അംബാസിഡറായി ഒളിമ്പ്യൻ ശ്രീ.പി. ആർ. ശ്രീജേഷ് നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.160/2025/TSM തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:- വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 05-10-2024, 05-03-2025 എന്നീ തീയതികളിലെ DOT/7707/2023-P9 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരളത്തിൽ സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2013 മുതൽ പ്രവർത്തിച്ച് വരുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സാഹസിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിനും കര, ജല, വായു മേഖലയുമായി ബന്ധപ്പെട്ട എല്ലാ സാഹസിക പ്രവർത്തനങ്ങൾക്കും യോജിച്ച ഭൂപ്രകൃതിയാണ് കേരളത്തിൽ എന്ന് ലോകത്തെ അറിയിക്കുന്നതിനും, അതുവഴി കൂടുതൽ വിദേശ സഞ്ചാരികളെയും ഇതര സംസ്ഥാന സഞ്ചാരികളെയും കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വിവിധങ്ങളായ അന്തർദേശീയ സാഹസിക ടൂറിസം ഫെസ്റ്റിവലുകളും, ചാമ്പ്യൻഷിപ്പുകളും സംഘടിപ്പിച്ചു വരുന്നുണ്ട്.

2. കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ പെരുമ അന്തർദേശീയ തലത്തിൽ എത്തിക്കുന്നതിനും കേരളത്തിലെ സാഹസിക വിനോദസഞ്ചാര മേഖലയ്ക്ക് കൂടുതൽ കരുത്ത് പകരുന്നതിനും, യുവതലമുറയ്ക്ക് ആവേശം പകരുന്നതിനുമായി അന്താരാഷ്ട്ര ഹോക്കി താരവും മുൻ ഇന്ത്യൻ ടീം ക്യാപ്റ്റനുമായ ഒളിമ്പ്യൻ ശ്രീ.പി. ആർ. ശ്രീജേഷ് നെ കേരള അഡ്വഞ്ചർ ടൂറിസം സൊസൈറ്റിയുടെ ബ്രാൻഡ് അംബാസിഡറായി നിയമിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അന്താരാഷ്ട്ര

ഹോക്കി താരവും മുൻ ഇന്ത്യൻ ടീം ക്യാപ്റ്റനുമായ ഒളിമ്പ്യൻ ശ്രീ.പി. ആർ. ശ്രീജേഷ് നെ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ബ്രാൻഡ് അംബാസിഡറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ്, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, വഴുതയ്ക്കാട്, തിരുവനന്തപുരം

ശ്രീ.പി. ആർ. ശ്രീജേഷ് (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Moly Vijaya C S
Date: 18-03-2025 16:07:06
സെക്ഷൻ ഓഫീസർ

പകർപ്പ് :

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.